# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 17 No. 02 | PUBLISHED FROM DELHI | PRICE Rs. 3/- | FEBRUARY 2013

## എഫ്.എഫ്.സി. 19-ാമത് ജനറൽ കൺവൻഷൻ ഫെബ്രുവരി 28 - മാർച്ച് 3 വരെ



പാസ്റ്റർ ജെ.സി. പാറക്കടവിൽ (തിരുവനന്തപുരം)



പാസ്റ്റർ ഷാജു സി. ജോസഫ് (കോതമംഗലം)



പാസ്റ്റർ ബി. വർഗ്ഗീസ് (മണക്കാല)



പാസ്റ്റർ എം. സാമുവൽകുട്ടി (ഡൽഹി)

**അടൂർ:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ സഭാ വിഭാഗമായ ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിന്റെ 19-ാമത് ജനറൽ കൺവൻഷൻ 2013 ഫെബ്രുവരി 28 വ്യാഴം മുതൽ മാർച്ച് 3 ഞായർ വരെ അടൂർ ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് വിവിധ പ്രോഗ്രാമുകളോടെ നടക്കും. 28-ാം തീയതി വെള്ളിയാഴ്ച്ച വൈകിട്ട് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽ കുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. യോഗങ്ങളിൽ പാസ്റ്റർ ജെ.സി. പാറക്കടവിൽ (തിരുവനന്തപുരം), പാസ്റ്റർ ഷാജു സി. ജോസഫ് (കോതമംഗലം), പാസ്റ്റർ ബി. വർഗ്ഗീസ് (മണക്കാല), പാസ്റ്റർ എം. സാമുവൽ കുട്ടി (ഡൽഹി) എന്നിവർ വചന ശുശ്രൂഷ നിർവ്വഹിക്കും. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

ഫെബ്രുവരി 28 മുതൽ മാർച്ച് 2 വരെ എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 8.30 വരെ പൊതുയോഗം നടക്കും. മാർച്ച് 1ന് രാവിലെ 10 മണിക്ക് ശുശ്രൂഷക സമ്മേളനം ഉണ്ടായിരിക്കും. മാർച്ച് 2 ശനിയാഴ്ച രാവിലെ 10 മണിക്ക് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ അഞ്ചാമത് ബിരുദദാന സമ്മേളനം അടൂർ മർത്തോമ്മ യൂത്ത് സെന്ററിൽ വച്ച് നടക്കും. ഉച്ചയ്ക്ക് ശേഷം ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ പുത്രികാ സംഘടനകളായ സണ്ടേസ്കൂൾ, എഫ്.സി.വൈ.എം., എഫ്.സി.ഡബ്ല്യു.എ., എഫ്.സി.എം.എഫ്. എന്നിവയുടെ സംയുക്ത വാർഷിക സമ്മേളനവും യൂത്ത് സെന്ററിൽ വച്ച് നടക്കും. മാർച്ച് 3 ഞായറാഴ്ച രാവിലെ 8 മണിക്ക് സ്നാനത്തിനുള്ള ക്ലാസ്സ്, 9 മണിക്ക് സ്നാന ശുശ്രൂഷ, 10 മണിക്ക് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് ഡൽഹി, കേരളാ, ബീഹാർ റീജനുകളുടെ സംയുക്ത സഭായോഗം ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും.

ജനറൽ കൺവൻഷനിലേക്ക് *വിശ്വാസി* വായനക്കാരെ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു. കൺവൻഷനിൽ *വിശ്വാസി*യുടെ സ്റ്റാൾ പ്രവർത്തിക്കുന്നതാണ്. സഭയുടെ കേരളാ റീജൻ കോർഡിനേറ്റർ പാസ്റ്റർ ബിജു ബഞ്ചമിൻ കൺവീനറായുള്ള കമ്മറ്റികൾ കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിക്കുന്നു.

## എഫ്.സി.ബി.സി 5-ാമത് ബിരുദദാനം മാർച്ച് രണ്ടിന്

**അടൂർ:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ അടൂരിൽ പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 5-ാമത് ബിരുദദാന ചടങ്ങ് 2013 മാർച്ച് രണ്ടിന് രാവിലെ പത്ത് മണിക്ക് അടൂർ മർത്തോമ യൂത്ത് സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ ബിജു ബഞ്ചമിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ ഡോ. എം. സ്റ്റീഫൻ മുഖ്യസന്ദേശം നൽകും. ബി.റ്റി.എച്ച്., ഡി.റ്റി.എച്ച്., സി.റ്റി. എച്ച്. എന്നീ ക്ലാസ്സുകളിൽ നിന്നും ഈ വർഷം പഠനം പൂർത്തീകരിച്ച പതിനാലുപേർക്ക് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റും ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഡയറക്ടറുമായ പാസ്റ്റർ എം. സാമുവൽകുട്ടി സർട്ടിഫിക്കേറ്റുകൾ നൽകും.

2005-ൽ വിശ്വാസത്താൽ പ്രവർത്തനം ആരംഭിച്ച ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ നിന്നും 49 യുവതിയുവാക്കൾ പഠനം പൂർത്തിയാക്കി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്നു. ഈ വർഷത്തിൽ മുപ്പത്തിയേഴു പേർ പഠനം നടത്തുന്നു. ആത്മ

(ശേഷം രണ്ടാം പേജിൽ)



ബിരുദധാരികൾ വിശിഷ്ടാതിഥികളോടും അദ്ധ്യാപകരോടും ഒപ്പം

*(ഫയൽ ഫോട്ടോ)*

## റവ. റോബർട്ട് എഫ്. കുക്ക് ഇന്ത്യയിലെത്തിയിട്ട് ഒരു നൂറ്റാണ്ട്

കേരളത്തിൽ പെന്തക്കൊസ്ത് പ്രസ്ഥാനത്തിന്റെ വിത്തെറിഞ്ഞ ആധ്യാത്മിക നായകന്മാരിൽ പ്രമുഖനായ റവ. റോബർട്ട് എഫ്. കുക്ക് ഇന്ത്യയിലെത്തിയിട്ട് ഒരു നൂറ്റാണ്ട് പൂർത്തിയാകുന്നു. കേരളത്തെ മാതൃദേശമായി കാണുകയും കേരളീയരെ സഹോദരങ്ങളായി സ്നേഹിക്കുകയും ചെയ്ത കുക്ക് സായിപ്പ് കേരളത്തിൽ 37 വർഷങ്ങൾ മിഷനറി പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു. ബാപ്റ്റിസ്റ്റ് സഭയിലെ സുവിശേഷകന്റെ മകനായി പോളണ്ടിലെ വാഴ്സോയിലാണ് ജനനം.



*റവ. റോബർട്ട് എഫ്. കുക്കും ഭാര്യ അന്ന കുക്കും*

1913 ഒക്ടോബറിലാണ് കുക്ക് ദമ്പതികൾ ജോർജ്ജ് ബർഗ് എന്ന മിഷനറിയോടൊപ്പം ഇന്ത്യയിലെത്തുന്നത്. 1921-ൽ ആദ്യം ബംഗ്ലൂരിലും പിന്നെ ഊട്ടിയിലും കുറേക്കാലം താമസിച്ചു. അതേ വർഷം തന്നെ കൊട്ടാരക്കരയിലെ തൃക്കണ്ണമംഗലമായിരുന്നു കേരളത്തിലെ ആദ്യ മിഷൻ കേന്ദ്രം. അവിടെ അദ്ദേഹം മലങ്കര ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ് എന്ന പേരിൽ രജിസ്റ്റർ ചെയ്ത് ഒരു പ്രവർത്തനം ആരംഭിച്ചു. ഇവിടെ മണ്ണുകൊണ്ട് നിർമ്മിച്ച ഓല മേഞ്ഞ വീട്ടിലായിരുന്നു അദ്ദേഹവും കുടുംബവും താമസിച്ചിരുന്നത്. അടൂരിനു സമീപം തുവയൂരായിരുന്നു അടുത്ത പ്രവർത്തന കേന്ദ്രം. അധ: സ്ഥിത സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ടായിരുന്നു പ്രവർത്തനം.

ആത്മീയ ഉണർവ്വിന്റെ ജ്വാല മലങ്കരയിൽ ആളിക്കത്തിക്കാൻ റോബർട്ട് കുക്കിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. ഭാര്യയുടെ വിയോഗമുൾപ്പെടെയുള്ള പ്രതികൂല സാഹചര്യങ്ങളെ പുഞ്ചിരിയോടെ അദ്ദേഹം നേരിട്ടു. 1930ൽ റോബർട്ട് കുക്കും അദ്ദേഹത്തിന്റെ സഭകളും ക്ലീവ്ലാൻഡ് ആസ്ഥാനമായുള്ള ചർച്ച് ഓഫ് ഗോഡിൽ ചേർന്നു. അന്ന് അദ്ദേഹത്തിന് തിരുവിതാംകൂറിൽ മാത്രം 63 മിഷൻ സ്റ്റേഷനുകളും 43 സഭാശുശ്രൂഷകന്മാരും ഉണ്ടായിരുന്നു.

മലയാള മണ്ണിൽ തന്നെ മരിച്ചടക്കപ്പെടണമെന്നായിരുന്നു കുക്ക് സായിപ്പിന്റെ ആഗ്രഹം. എന്നാൽ, 1950-ൽ അമേരിക്കയിലേക്ക് മടങ്ങിച്ചെല്ലാൻ നിർദ്ദേശം ലഭിച്ചു.

1958-ൽ ജനുവരി 12ന് 78-ാം വയസ്സിൽ ടെന്നസിയിലെ ചർച്ച് ഓഫ് ഗോഡ് വേൾഡ് ഓഫീസ് കോംപ്ലസിലെ റിട്ടയേർഡ് പാസ്റ്റേഴ്സ് ഹോമിൽ വച്ച് താൻ പ്രിയം വെച്ച അക്കരെ നാട്ടിലേക്ക് യാത്രയായി. പെന്തക്കൊസ്ത് പ്രസ്ഥാനത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ കേരളം മറക്കില്ലെന്നുറപ്പ്.

*(കടപ്പാട്: മലയാള മനോരമ)*

## ഐ.പി.സി.ക്ക് ഉത്തരേന്ത്യയിൽ നിന്ന് ആദ്യ ജനറൽ പ്രസിഡന്റ്

ഇന്ത്യ പെന്തക്കൊസ്ത് ദൈവസഭ (ഐ.പി.സി.) ജനറൽ എക്സിക്യൂട്ടീവ് സ്ഥാനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ പഞ്ചാബിലെ പഠാൻ കോട്ടിൽ വർഷങ്ങളായി താമസിച്ച് കർത്തൃവേല ചെയ്യുന്ന പാസ്റ്റർ ജേക്കബ് ജോൺ പ്രസിഡന്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. പഞ്ചാബിലെ ഐ.പി.സി. സഭകൾ വളർത്തുവാൻ ഗണ്യമായ പങ്ക് വഹിച്ച അദ്ദേഹം കുറെ നാളുകളായി ഐ.പി.സി. ഹിമാചൽ മിഷന്റെ ചുമതല വഹിച്ചു വരികയായിരുന്നു.

ഇതാദ്യമായാണ് സഭയുടെ ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്ക് ഉത്തരേന്ത്യയെ പ്രതിനിധീകരിക്കുന്ന ഒരാൾ വരുന്നത്. ഇതിനുമുമ്പ് ആന്ധ്രാപ്രദേശിൽ പ്രവർത്തിച്ചിരുന്ന പാസ്റ്റർ പി. എം. സാമുവേൽ രണ്ടു തവണയും തെലുങ്കനായ പാസ്റ്റർ



പാസ്റ്റർ ജേക്കബ് ജോൺ (പഠാൻ കോട്ട്, പഞ്ചാബ്)

(ശേഷം മൂന്നാം പേജിൽ)

*ഉൾപ്പേജുകളിൽ...*

**ശ്രേഷ്ഠാധികാരങ്ങൾക്ക് വിധേയപ്പെടുക:** പാസ്റ്റർ എം. സാമുവൽകുട്ടി

**ദൗത്യം മറക്കാത്ത ശിഷ്യന്മാർ:** പാസ്റ്റർ ബിജു തങ്കച്ചൻ

**പ്രത്യാശയോടെ ജീവിക്കാം:** സുവി. ജോൺ സാമുവൽ

**ക്രിസ്തീയ ധർമ്മശാസ്ത്ര ബോധനം:** പാസ്റ്റർ ബിജു ബഞ്ചമിൻ

പത്രാധിപ ലേഖനം.......

# ശ്രേഷ്ഠാധികാരങ്ങൾക്ക് വിധേയപ്പെടുക



കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിൽ ഭാരതത്തിൽ ആകമാനവും കേരളത്തിൽ വിശേഷിച്ചും ജനങ്ങൾക്ക് ഭക്തി വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയുന്നു. ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന മലയാളീസമൂഹത്തിലെ പെന്തക്കൊസ്തരുടെ കാര്യത്തിലും സമാനമായ സ്ഥിതിവിശേഷമാണ് കാണുന്നത്. നമ്മുടെ യുവതലമുറ ആരാധനയിലും സുവിശേഷീകരണത്തിലും വളരെ ഉത്സുകരാണ്. ഇതു വളരെ നല്ല കാര്യമാണ്; പക്ഷേ, ഇതുകൊണ്ട് വേദപുസ്തകത്തിൽ നിഷ്ക്കർഷിച്ചിരിക്കുന്ന തലത്തിൽ ഉള്ള ഒരു ക്രൈസ്തവ ജീവിതം നയിക്കുവാൻ നമുക്ക് സാധ്യമാകുന്നുണ്ടോ? യുക്തിപൂർവ്വം ചിന്തിക്കുന്ന ഉയർന്ന ബൌദ്ധീക നിലവാരം പുലർത്തുന്ന കേരളീയ സമൂഹം യുക്തിഹീനമായ ഭക്തിയിലും അന്ധവിശ്വാസത്തിലും ഉഴലുകയാണെന്ന് നിരീശ്വരവാദികളും യുക്തിവാദികളും മറ്റു സ്വതന്ത്രചിന്തകരും പരിതപിക്കുമ്പോൾ മുഖ്യധാര പത്രങ്ങളും ദൃശ്യമാധ്യമങ്ങളും ഭക്തി ആഘോഷപൂർവ്വം വ്യാപാരമാക്കുകയാണ്.

ഈ കച്ചവടഭക്തിയുടെ പ്രധാന പ്രയോജകരും ഗുണഭോക്താക്കളും ആൾദൈവങ്ങളാണ്. ആൾദൈവങ്ങളെകൊണ്ട് ഉദ്ദേശിക്കുന്നത് ഇതരമതങ്ങളിൽ കടന്നുവരുന്ന സ്വയം ദൈവങ്ങളായി അവരോധിക്കുന്ന പ്രവണത മാത്രമല്ല നമ്മുടെ ഇടയിൽ ദൈവതുല്യർ എന്ന് അവകാശപ്പെട്ട് വിശ്വാസികളെ വൈകാരികമായി ചൂഷണം ചെയ്യുന്നവരെ കൂടെ ഉദ്ദേശിച്ചത്രെ. നവതലമുറ പെന്തക്കൊസ്ത് (?) സഭകളുടെ വ്യാപനം ഈ പ്രവണതയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണെങ്കിലും പാരമ്പര്യ പെന്തക്കൊസ്തു സഭകളും ഇതിൽ നിന്നു മുക്തമല്ല. സ്വന്തം താല്പര്യങ്ങൾ നിവർത്തിക്കുന്നതിലും സംരക്ഷിക്കുന്നതിലും ഉള്ള തിരക്കിൽ പലപ്പോഴും ഇവർ വിശ്വാസികളെ യഥാർത്ഥ ക്രൈസ്തവ ജീവിതം എന്താണെന്ന് പഠിപ്പിക്കുന്നതിൽ പരാജയപ്പെടുന്നു എന്ന് പറയുന്നതിൽ അതിശയോക്തിയല്ല. പലരും വിശുദ്ധ പൌലൊസ് പറഞ്ഞതുപോലെ ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവർ അത്രെ.

ഇന്ന് വിശ്വാസികളുടെ ഭക്തിക്ക് അധികവും അടിസ്ഥാനമായിരിക്കുന്നത് സ്വന്തം ആഗ്രഹങ്ങളും സുഖേച്ഛകളും ആണ്. ഈ ജീവിതത്തിൽ എല്ലാ സുഖസൗകര്യങ്ങളും ലഭ്യമാകണം; മരണശേഷം സ്വർഗ്ഗവും ലഭിക്കണം. ഈ ലോകത്തിലെ നേട്ടങ്ങൾക്ക് വേണ്ടി എന്തും എങ്ങനെയും ചെയ്യുവാൻ വിശ്വാസികൾക്ക് മടിയില്ല. വീട്, ജോലി, കുട്ടികളുടെ നല്ല പഠനം, അവരുടെ മികച്ച ഭാവി തുടങ്ങിയവയ്ക്ക് വേണ്ടി ഏതുമാർഗ്ഗവും അവലംബിക്കുവാൻ ഇന്ന് നാം തയ്യാറാണ്. ബാങ്ക് വായ്പ ലഭിക്കാൻ നാം കൈക്കൂലി കൊടുക്കും, നികുതി അടയ്ക്കാതിരിക്കാനുള്ള വഴികൾ തേടും, വാഹനം ഓടിക്കുമ്പോൾ വേഗപരിധി മറികടക്കുകയും റെഡ്ലൈറ്റ് തെറ്റിക്കുകയും ചെയ്യും. ഇതെല്ലാം തെറ്റാണെന്ന് ചൂണ്ടിക്കാണിക്കുവാൻ പാസ്റ്റർമാരും മുതിരാറില്ല; അവരിൽ പലരും ഇതെല്ലാം ചെയ്യുന്നവർ ആണല്ലോ.

നമ്മിൽ പലരും ധനസമ്പാദനത്തിന് വേണ്ടി പല തൊഴിലുകളും ചെയ്യുന്നവരാണ്. പലരും സ്വന്തം നിലയിൽ മുഴുവൻ സമയമായോ ഭാഗിക സമയമായോ പല ബിസിനെസ്സുകളും ചെയ്യുന്നു. എന്നാൽ, ഇവയിൽ പലതും രജിസ്റ്റർ ചെയ്തതിനുശേഷമേ ചെയ്യാൻ പാടുള്ളു, പ്രത്യേകിച്ച് കമ്മിഷൻ ബിസിനെസ്സുകൾ. എന്നാൽ, പാസ്റ്റർമാരടക്കം പലരും പ്രഫഷണൽ കോളജുകളിൽ അഡ്മിഷൻ തരപ്പെടുത്തുന്നതിലും വസ്തു കച്ചവടത്തിലും വാഹന വ്യാപാരത്തിലും വലിയ തുകകൾ കമ്മീഷൻ വാങ്ങുന്നവരായി ഉള്ളപ്പോൾ എത്രപേർ രജിസ്റ്റർ ചെയ്ത് സമയാസമയം നികുതി കൊടുക്കുന്നവരാണ് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഓർക്കുക, യേശുക്രിസ്തു ദൈവപുത്രന്റെ അവതാരമായിയാണ് ഭൂമിയിൽ വന്നതെങ്കിലും നികുതിപ്പണം ആവശ്യപ്പെട്ടപ്പോൾ യേശു പത്രൊസിനോട് കടലിൽ ചെന്ന് ചൂണ്ടയിട്ട് ആദ്യം കിട്ടുന്ന മീനിനെ എടുത്ത് അതിന്റെ വായ് തുറക്കുമ്പോൾ കാണുന്ന ചതുദ്രഹ്മപ്പണം എടുത്ത് അവർ ഇരുവർക്കും വേണ്ടി നൽകാൻ പറയുകയാണ് ചെയ്തത് (മത്തായി 17:2-27). മറ്റൊരിക്കൽ, പരീശന്മാർ യേശുവിനെ വാക്കിൽ കുടുക്കേണ്ടതിന് കൈസർക്കു കരം കൊടുക്കുന്നത് വിഹിതമോ എന്ന് ചോദിച്ചതിന് യേശു പറഞ്ഞ ഉത്തരം കരം കൊടുക്കുന്ന നാണയത്തിൽ ഉള്ള സ്വരൂപവും മേലെഴുത്തും കൈസരുടെ ആകയാൽ, കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ എന്നായിരുന്നു.

ചിലർ ചിന്തിക്കുകയും പറയുകയും ചെയ്യുന്നത് ആവശ്യങ്ങൾ നടക്കണമെങ്കിൽ കുറെ കള്ളത്തരങ്ങൾ ഒക്കെ കാണിക്കേണ്ടിവരുമത്രെ. എന്നാൽ, സങ്കീർത്തനം 15-ൽ പറഞ്ഞിരിക്കുന്നത് ദൈവമക്കൾ നിഷ്ക്കളങ്കരായി നടന്നു നീതി പ്രവർത്തിക്കുന്നവരും സത്യം ചെയ്തിട്ട് ചേതം വന്നാലും മാറാത്തവരും ആയിരിക്കണമെന്നാണ്. എന്നാൽ, ഇന്ന് പലരും ലാഭം ഉണ്ടാക്കുന്നതിന് വേണ്ടി വ്യാജം പറയുന്നവരും വാക്കു മാറുന്നവരുമായി തീർന്നിരിക്കുന്നു.

ദേശത്തിന്റെ നിയമങ്ങളെ പാലിച്ച് അധികാരസ്ഥാനങ്ങളെ ബഹുമാനിച്ച് ജീവിക്കണം എന്നാണ് വേദപുസ്തകം അനുശാസിക്കുന്നത്. നാം നികുതി കൊടുക്കുമ്പോൾ സർക്കാരിന് പല ക്ഷേമപദ്ധതികളും നടപ്പിലാക്കി പാവങ്ങളുടെ ഉന്നമനം സാധ്യമാക്കുവാൻ ആകും. നിയമങ്ങൾ അനുസരിക്കുന്നത് സംബന്ധിച്ച് റോമർ 13ന്റെ 1 മുതൽ 7 വരെയുള്ള വാക്യങ്ങൾ നമ്മെ ഉപദേശിക്കുന്നുണ്ട്. “ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോട് മറുക്കുന്നവൻ ദൈവവ്യവസ്ഥയോട് മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും. അധികാരികൾ ഭയങ്കരരായിരിക്കുന്നത് സൽപ്രവർത്തിക്കല്ല ദുഷ്പ്രവർത്തിക്കത്രെ. അധികാരസ്ഥനെ ഭയപ്പെടാതിരിക്കുവാൻ ഇച്ഛിക്കുന്നുവോ? നന്മ ചെയ്ക; എന്നാൽ, അവന്റെ പ്രശംസ ലഭിക്കും. നിന്റെ നന്മയ്ക്കായിട്ടല്ലോ അവൻ ദൈവശുശ്രൂഷക്കാരനായിരിക്കുന്നത്. നീ തിന്മ ചെയ്താലോ ഭയപ്പെടുക; വെറുതെ അല്ല അവൻ വാൾ വഹിക്കുന്നത്; അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷയ്ക്കായി പ്രതികാരിയായ ദൈവശുശ്രൂഷകൻ തന്നെ. അതുകൊണ്ട് ശിക്ഷയെ മാത്രമല്ല മന:സാക്ഷിയേയും വിചാരിച്ച് കീഴടങ്ങുക ആവശ്യം. അതുകൊണ്ട് നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവശുശ്രൂഷകന്മാരും ആ കാര്യം തന്നെ നോക്കുന്നവരും ആകുന്നു. എല്ലാവർക്കും കടപ്പെട്ടിരിക്കുന്നത് കൊടുപ്പിൻ; നികുതി കൊടുക്കേണ്ടവനു നികുതി; ചുങ്കം കൊടുക്കേണ്ടവന് ചുങ്കം; ഭയം കാണിക്കേണ്ടവന് ഭയം; മാനം കൊടുക്കേണ്ടവന് മാനം”.

നാം മറ്റുള്ളവർക്ക് മാതൃകയുള്ളവരായി ജീവിച്ച് ദൈവത്തെ പ്രസാദിപ്പിക്കേണം. സ്വാർത്ഥ താല്പര്യങ്ങൾക്കുള്ള ഉപാധിയായി ഭക്തിയെ മാറ്റാതിരിക്കാം.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## നിര്യാതരായി



**കടമ്പനാട്:** മാഞ്ഞാലി ഫെയ്ത്ത് ഫെലോഷിപ്പ് സഭാംഗമായ മാഞ്ഞാലി മാലുമുരിപ്പിൽ പത്രൊസ് കർത്താവിൽ നിദ്ര പ്രാപിച്ചു. 105 വയസ്സായിരുന്നു. ഏറെ നാളുകളായി വാർദ്ധ്യക സഹജമായ രോഗം ബാധിച്ചു കിടപ്പിലായിരുന്നു. 2013 ജനുവരി 19 ശനിയാഴ്ച പുലർച്ചെ താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. 1937 ഫെബ്രുവരി മാസം 10-ാം തീയതി നടന്ന ഒരു ദൈവിക അത്ഭുതത്തിന്റെ സാക്ഷിയായിരുന്നു താൻ. ശ്രീ പത്രൊസിന്റെയും തുരുത്തിക്കര പുത്തൻവിള പൌലൊസിന്റെ മകളും തമ്മിലുള്ള വിവാഹം അടുത്ത ദിവസമായിരുന്നു. വിവാഹ വീട്ടിൽ ഒരു പ്രതിസന്ധി ഉണ്ടായി. കിണറ്റിൽ വെള്ളം ഒട്ടുമില്ല. ഉച്ചനീചത്വങ്ങൾ നിലവിൽ നിന്നിരുന്നതിനാൽ സവർണ്ണരുടെ കിണറ്റിൽ നിന്ന് വെള്ളം കോരുവാൻ കഴിയുമായിരുന്നില്ല. രക്ഷാസൈന്യ സഭയിലെ വൈദികരും മറ്റു ദൈവദാസന്മാരും അടങ്ങിയ ഏഴുപേർ കിണറ്റിനു ചുറ്റും മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ തുടങ്ങി. രണ്ടര മണിക്കൂർ നീണ്ട പ്രാർത്ഥന കഴിഞ്ഞപ്പോൾ ദൈവം വലിയൊരു അത്ഭുതം ചെയ്തു. വറ്റിവരണ്ട കിണറ്റിൽ ഏഴുതൊടിയോളം വെള്ളം പൊങ്ങി. ദേശത്ത് വലിയ അത്ഭുത വാർത്തയായി അത് മാറിയിരുന്നു.

പരേതന്റെ ശവസംസ്ക്കാര ശുശ്രൂഷ എഫ്.എഫ്.സി. കേരളാ റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ ബിജു ബഞ്ചമിന്റെ മുഖ്യ കാർമ്മികത്വത്തിൽ പെരിങ്ങനാട് സെമിത്തേരിയിൽ നടന്നു.

എസ്ഥേർ, ചിന്നമ്മ, പൊടിയമ്മ, കുഞ്ഞുമോൻ, ലീലാമ്മ, ജോർജ്ജ്, പരേതരായ അച്ചാമ്മ, മോനച്ചൻ, ജോൺ എന്നിവരാണ് മക്കൾ.



**അടൂർ:** അടൂർ കുന്നുതറ ജോസ് ഭവനിൽ സഹോദരൻ ബി. വേദമണിയുടെ ഭാര്യ എസ്ഥേർ വേദമണി (60) 2013 ഫെബ്രുവരി 24-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. അടൂർ ഫെയ്ത്ത് ഫെലോഷിപ്പ് സഭാംഗമാണ്. സംസ്ക്കാര ശുശ്രൂഷ ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ ബിജു ബഞ്ചമിന്റെ മുഖ്യ കാർമ്മികത്വത്തിൽ ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിന്റെ പെരിങ്ങനാട് സെമിത്തേരിയിൽ വച്ച് നടന്നു.

മക്കൾ: ജോസ് വേദമണി, ജിഷാ ജോൺസൺ

## മാസയോഗം നടന്നു

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരള റീജന്റെ മാസയോഗം 2013 ജനുവരി 19-ാം തീയതി അടൂർ സഭയിൽ വെച്ചു നടന്നു. യോഗത്തിൽ പാസ്റ്റർ ബോബി പി. ജോൺ അദ്ധ്യക്ഷത വഹിച്ചു. തെങ്ങമം ഫെയ്ത്ത് ഫെലോഷിപ്പ് സഭാ ശുശ്രൂഷകൻ പാസ്റ്റർ വിനോദ് കെ. മുഖ്യസന്ദേശം നൽകി. ദൈവമക്കൾ കാലങ്ങളേയും, ദൈവപ്രവൃത്തികളും വിവേചിച്ച് അറിയുന്നവരാകണമെന്ന് അദ്ദേഹം പ്രസ്താവിച്ചു. ഫിലിപ്പ്യ ലേഖനം 1:9,10 വാക്യങ്ങൾ ആധാരമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു ദൈവപൈതൽ തന്റെ ശരീരത്തെ വിവേചിക്കണം, വിശുദ്ധിയിൽ കാക്കണമെന്നും അനുദിനം ഉയർന്നുവരുന്ന വിവിധ ഉപദേശങ്ങളെയും വിവേചിക്കണമെന്ന് ദൈവദാസൻ കൂട്ടിച്ചേർത്തു. പാസ്റ്റർ ഡി. ജോൺ സങ്കീർത്തന പ്രബോധനം നിർവ്വഹിച്ചു. കർത്തൃമേശ ശുശ്രൂഷയ്ക്ക് പാസ്റ്റർ എബി ജോർജ്ജ് നേതൃത്വം നല്കി. ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജണിലെ ശുശ്രൂഷകരും ദൈവമക്കളും യോഗത്തിൽ പങ്കെടുത്തു.

## എഫ്.സി.ബി.സി 5-ാമത് ബിരുദദാനം

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

നിറവും ദൈവിക പരിജ്ഞാനവും ഉള്ള അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

ബാച്ചിലർ ഇൻ തിയോളജി, ഡിപ്ലോമ ഇൻ തിയോളജി എന്നീ വിഭാഗങ്ങളിലായി ഇന്റർനാഷണൽ അസോസിയേഷൻ ഫോർ തിയോളജിക്കൽ അക്രെഡിറ്റേഷന്റെ (IATA) അംഗീകാരത്തോടെ നടക്കുന്ന കോഴ്സുകളിലേക്ക് പരിമിതമായ സീറ്റുകൾ ലഭ്യമാണ്. റെഗുലർ കോഴ്സിൽ പഠിക്കുവാൻ കഴിയാത്തവരും സുവിശേഷവേലയിൽ താല്പര്യവും ദർശനവുമുള്ള ഉദ്യോഗസ്ഥർക്കും കുടുംബസ്ഥർക്കും വേണ്ടി സായാഹ്ന കോഴ്സ് 6 മണി മുതൽ 8 മണിവരെ (തിങ്കൾ-ബുധൻ) നടത്തപ്പെടുന്നു. പുതിയ വർഷത്തെ ക്ലാസ്സുകൾ 2013 ജൂൺ ആദ്യവാരത്തിൽ ആരംഭിക്കും.

എഡിറ്റോറിയൽ ബോർഡ്
ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ
ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

*മിഷൻ ചിന്തകൾ-1*

# ദൗത്യം മറക്കാത്ത ശിഷ്യന്മാർ



**പാസ്റ്റർ ബിജു തങ്കച്ചൻ**
**മുംബൈ**

യേശുക്രിസ്തുവിന്റെ സാക്ഷിയാകുക എന്നതായിരിക്കണം ഏതൊരു ക്രിസ്തുശിഷ്യന്റെയും ആത്യന്തിക ലക്ഷ്യം. പരസ്യശുശ്രൂഷാ കാലയളവിൽ ശിഷ്യന്മാരെ കൂടെ കൊണ്ടുനടന്ന് മാനവജാതിയുടെ സമസ്ത ഉദ്ധാരണത്തിനായി എങ്ങനെ പ്രവർത്തിക്കാം എന്ന വലിയ പാഠമായിരുന്നു. ഒരിക്കൽ യെരുശലേമിന് സമീപത്ത് ഒലിവ് മലയരികെ ബേത്ത് ഫാഗയിൽ എത്തിയപ്പോൾ തന്റെ ശിഷ്യന്മാരിൽ രണ്ടു പേരെ എതിരേയുള്ള ഗ്രാമത്തിലേക്ക് ചില പ്രത്യേക ലക്ഷ്യത്തോടെ അയച്ചത് മത്തായി 21:1 മുതലുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിയിട്ടിരിക്കുന്ന ഒരു പെൺകഴുതയേയും അതിന്റെ കുട്ടിയേയും നിങ്ങൾ കാണുമെന്നും അവയെ അഴിച്ചുകൊണ്ടുവരണം എന്നുമുള്ള ഒരു ദൗത്യം യേശു അവരെ ഏൽപ്പിച്ചു.

ദൈവം കാലാകാലങ്ങളായി തന്റെ ദൗത്യനിർവ്വഹണത്തിനുവേണ്ടി ആളുകളെ നോക്കിക്കൊണ്ടിരിക്കുന്നു. അവന്റെ ആജ്ഞ അനുസരിക്കാൻ തയ്യാറുള്ളവരെയാണ് ദൈവത്തിന് ആവശ്യം. കെട്ടപ്പെട്ട ചിലതിനെ അഴിച്ചുകൊണ്ടുവരേണ്ടതിന് ദൈവം ശിഷ്യന്മാരെ അയക്കാൻ ആഗ്രഹിക്കുന്നു. കെട്ടപ്പെട്ടതിനെ അഴിച്ചുവിടണം. പാരമ്പര്യത്തിലും പൈശാചിക തന്ത്രങ്ങളിലും ശാപകെട്ടുകളിലും കുടുങ്ങി കിടക്കുന്നവരെ അഴിച്ചുകൊണ്ടുവരാൻ അനുസരണമുള്ള ശിഷ്യന്മാരെ യേശുവിന് വേണം.

> ആത്മാവിന്റെ സ്വാതന്ത്ര്യം അനുഭവിക്കുന്ന നമ്മൾ അടിമനുകത്തിൽ കഴിയുന്ന ചിലരെക്കൂടെ സ്വാതന്ത്ര്യത്തിലേക്ക് നടത്താൻ നിയോഗിക്കപ്പെട്ടവരാണ്. സ്വാതന്ത്ര്യം നഷ്ടപ്പെട്ട്, ലക്ഷ്യം ഇല്ലാതെ കെട്ടപ്പെട്ടിരിക്കുന്നവർ സ്വതന്ത്രരാകണമെങ്കിൽ ക്രിസ്തുവിന്റെ നിയോഗം ഏറ്റെടുക്കുവാൻ മനസ്സുള്ളവർ വേണം

പ്രസാദകാലത്ത് ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകിയതും രക്ഷാദിവസത്തിൽ നമ്മെ സഹായിച്ചതും ചില ലക്ഷ്യത്തോടെയാണ് (യെശയ്യാവ് 49:8). കഴിഞ്ഞ കാലങ്ങളിൽ ദൈവം അത്ഭുതകരമായി വിടുവിച്ചതും ശ്രേഷ്ഠമായി നടത്തിയതും വിശാലത വരുത്തിയതും ചോദിച്ചതിലും നിനച്ചതിലും അത്യന്തംപരമായി നൽകി തന്നതും അവനുവേണ്ടി പ്രവർത്തിപ്പാനാണ്. ദേശത്തെ ഉയർത്തുക, ശൂന്യമായി കിടക്കുന്ന അവകാശങ്ങളെ കൈവശമാക്കി കൊടുക്കുക, എന്നതിനൊപ്പം ബന്ധനത്തിലായിരിക്കുന്നവരെ സ്വതന്ത്രമാക്കാനും അന്ധകാരത്തിലിരിക്കുന്നവരെ പുറത്തുകൊണ്ടുവരുവാനും ദൈവം നമ്മെ ആക്കിവച്ചിരിക്കുന്നു (യെശയ്യാവ് 49:9).

നമ്മുടെ ദൗത്യം മറക്കരുത്. സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി (ഗലാത്യർ 5:1). ആത്മാവിന്റെ സ്വാതന്ത്ര്യം അനുഭവിക്കുന്ന നമ്മൾ അടിമനുകത്തിൽ കഴിയുന്ന ചിലരെക്കൂടെ സ്വാതന്ത്ര്യത്തിലേക്ക് നടത്താൻ നിയോഗിക്കപ്പെട്ടവരാണ്. സ്വാതന്ത്ര്യം നഷ്ടപ്പെട്ട്, ലക്ഷ്യം ഇല്ലാതെ കെട്ടപ്പെട്ടിരിക്കുന്നവർ സ്വതന്ത്രരാകണമെങ്കിൽ ക്രിസ്തുവിന്റെ നിയോഗം ഏറ്റെടുക്കുവാൻ മനസ്സുള്ളവർ വേണം. കഴിഞ്ഞ കാലങ്ങളിൽ ദൈവം തന്നതെല്ലാം ദൈവത്തിനുവേണ്ടി മനസ്സോടെ നൽകാൻ തയ്യാറുള്ളവർ വേണം. അവൻ അയച്ചാൽ പോകാനും അവൻ കല്പിച്ചാൽ ചെയ്യാനും മനസ്സുള്ള ശിഷ്യന്മാരെ യേശുവിന് ആവശ്യം ഉണ്ട്.

കെട്ടപ്പെട്ടതിനെ അഴിച്ചുകൊണ്ടുവരിക എന്ന മഹാദൗത്യം ലഭിച്ച ശിഷ്യന്മാരിൽ പലരും ദൗത്യം മറന്ന് ഓടുകയാണ്. നയമാന്റെ ധനം കണ്ട് സുബോധം നഷ്ടപ്പെട്ട് ദൗത്യം മറന്ന് ഓടുന്ന ശിഷ്യന്മാർ. യജമാനൻ നിഷേധിച്ചതിനെ സ്വീകരിക്കാൻ വെമ്പുന്നവർ. ദ്രവ്യം സമ്പാദിപ്പാനും, വസ്ത്രം, ഒലിവു തോട്ടം, മുന്തിരി തോട്ടം, ആടുമാടുകൾ, ദാസീദാസന്മാർ എന്നീ വക മേടിപ്പാനും ഇതാകുന്നു വോ സമയം എന്ന് യജമാനൻ ചോദിക്കുന്നു (2രാജാക്കന്മാർ 5:26).

യഥാർത്ഥ ക്രിസ്തു ശിഷ്യൻ ദൗത്യം മറക്കാത്തവൻ ആയിരിക്കണം. കെട്ടിയിരിക്കുന്നതിനെ അഴിച്ചുകൊണ്ട് വരിക എന്ന ദൗത്യം നാഥൻ തന്നിരിക്കുന്നു. അതിനായി പോകാനും ചിലവഴിക്കാനും മന:സ്സുള്ളവരാകുക. നമ്മുടെ ആയുസ്സിൽ ചിലരെ കൂടി ബന്ധനത്തിൽ നിന്നും മോചിപ്പിക്കാൻ പരിശ്രമിക്കാം. ദൗത്യം മറക്കാത്ത ശിഷ്യന്മാരാകാം. ●

## പ്രത്യാശയോടെ ജീവിക്കാം

(നാലാം പേജിൽ നിന്ന് തുടർച്ച)

ത്തിയനന്തരം കയറൂരിവിട്ടനിലയിൽ ലൈംഗീകത ആസ്വദിക്കുവാൻ ശ്രമിക്കുക. തെറ്റായ എന്തും ശരിയെന്ന് ദുർവ്യാഖ്യാനം നടത്തി വളഞ്ഞവഴികളിലൂടെ അപഥസഞ്ചാരം നടത്തുക. ചുരുക്കത്തിൽ മനുഷ്യൻ മനുഷ്യനല്ലാതായിക്കൊണ്ടിരിക്കുന്നു. ആത്മീകതപോലും വെറും നേട്ടങ്ങൾക്കായിട്ടുള്ള മാർഗ്ഗമാക്കി കപടവേഷധാരികളായി പലരും അധ:പതിക്കുന്നു. ഭൗതികാധിഷ്ഠിത ചിന്തകളിൽ ആണ് പലരും പരമാവധി ശ്രദ്ധ ചെലുത്തുന്നത്. വചനപ്രഘോഷകർ പോലും നിത്യതയ്ക്കുവേണ്ടി ജനങ്ങൾ ഒരുങ്ങേണ്ട വചനങ്ങൾ നല്കുന്നതിനേക്കാൾ സ്വന്തജീവിതത്തെ എങ്ങനെ മോടിപിടിപ്പിക്കാം എന്ന് ചിന്തിക്കത്തക്ക നിലയിൽ ശുശ്രൂഷിക്കുന്നു.

നാല് നൂറ്റാണ്ടിലധികം ഈജിപ്തിന്റെ അടിമത്വം അനുഭവിച്ച് നരകതുല്യ ജീവിതം അവിടെ ഹോമിച്ച എബ്രായജനതയ്ക്ക് സമസ്തമേഖലയിലും ഒരു വിമോചനം ദൈവം നല്കി. പാരതന്ത്ര്യത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക് പുറപ്പെട്ട അവർക്ക് കനാനിലേക്കുള്ള യാത്രയിൽ വിതയും കൊയ്ത്തുമില്ലാത്ത മരുഭൂമിയിലൂടെ ചുവടുകൾ വെയ്ക്കേണ്ടിവന്നു. അവർക്ക് മേഘത്തിന്റെ തണലും രാത്രിയിൽ അഗ്നിസ്തംഭത്തിൽ നിന്ന് പ്രകാശവും, അടിക്കപ്പെട്ട തീക്കൽ പാറയിൽ നിന്ന് തെളിനീരും, മല്ലന്മാരുടെ ഭോജനമായ മന്നയും, ശ്രേഷ്ഠമായ നിലയിൽ മാംസാഹാരവും ദൈവം നൽകി. അവരുടെ വസ്ത്രം പഴകുകയോ ചെരുപ്പ് തേഞ്ഞ് തീരുകയോ ചെയ്തില്ല. അത്ഭുതകരമായി ദൈവം അവരെ മരുഭൂമിയിൽ നടത്തി. യഥാർത്ഥത്തിൽ വാഗ്ദത്ത കനാനിലേക്ക് പ്രയാണം ചെയ്യുന്ന തന്റെ മക്കൾക്ക് ദൈവം നല്കിയ പ്രോത്സാഹനസമ്മാനങ്ങളായിരുന്നു അവയെല്ലാം. പക്ഷെ, അതിലൊരുവൻ എനിക്ക് വാഗ്ദത്ത കനാൻ വേണ്ട, പ്രോത്സാഹനസമ്മാനങ്ങൾ മതി എന്നു ശാഠ്യം പിടിച്ചാൽ പിന്നെ എന്തുചെയ്യാൻ സാധിക്കും. ഇവിടുത്തെ താല്ക്കാലിക നന്മകൾക്കുവേണ്ടി നിലനിൽക്കുന്ന സൗഭാഗ്യം തിരസ്ക്കരിക്കുന്നവൻ എന്തുമഠയനാണ്. ഒരു ഊണിന് ജേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിന്റെ പിന്തുടർച്ചക്കാരൻ! എന്നാൽ, അബ്രഹാം, "വിശ്വാസത്താൽ അവൻ വാഗ്ദത്തദേശത്തു ഒരു അന്യദേശത്തു എന്നപോലെ ചെന്നു വാഗ്ദത്തത്തിനു കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു" (എബ്രായർ 11:9-10). അതാണ് പ്രത്യാശ.

പ്രത്യാശ വർദ്ധിക്കട്ടെ. താല്ക്കാലികമായ ഭൗതീകതയ്ക്കുവേണ്ടി മാത്രം ജീവിതം ഉഴിഞ്ഞുവെയ്ക്കാതെ ഭാവികാല പ്രത്യാശ ഉള്ളവരായി ജീവിക്കുക. യേശു വേഗം മടങ്ങിവരുമെന്നും, ഇന്നത്തെ നരകതുല്യമായതിനെല്ലാം ഒരു അറുതി ഉണ്ടാകുമെന്നും, ഇമ്പങ്ങളുടെ പറുദീസയിൽ പ്രിയനോടൊപ്പം നിത്യനിത്യയുഗങ്ങൾ വാഴുമെന്നുള്ള അണയാത്ത പ്രത്യാശയോടെ ഓരോ നിമിഷവും ജീവിക്കുക ●

## ഐ.പി.സി.ക്ക് ഉത്തരേന്ത്യയിൽ നിന്ന്...

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

പരംജ്യോതി ഒരു തവണയും ജനറൽ പ്രസിഡന്റായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കഴിഞ്ഞ തവണത്തെ ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ ബേബി വർഗീസ് വൈസ് പ്രസിഡന്റായും ബ്രദർ ജോൺ ജോസഫ് ട്രഷററായും തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ സാം ജോർജ്ജ് ജോയിന്റ് സെക്രട്ടറിയായത് എതിരില്ലാതെയാണ്.

തിരുവല്ല ആഞ്ഞിലിത്താനം പൂവക്കാല കുടുംബാംഗമായ പാസ്റ്റർ ജേക്കബ് ജോൺ ഒരു പ്രാർത്ഥനാവീരനായി പരക്കെ അറിയപ്പെടുന്ന ഒരു വ്യക്തിയാണ്. ഈ കർത്തൃദാസന്റെ മുൻനിര സേവനം സഭയ്ക്ക് പുതിയ ആത്മീയ മാനങ്ങൾ നൽകുമെന്ന പ്രതീക്ഷ പുലർത്തുകയാണ് വിശ്വാസികൾ.

ഐ.പി.സിയിൽ ഇനി പാനൽ അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പ് ഉണ്ടാവില്ലെന്ന് പാസ്റ്റർ ജേക്കബ് ജോൺ പ്രസ്താവിച്ചു. രാഷ്ട്രീയ തിരഞ്ഞെടുപ്പിനെ വെല്ലുന്ന ഐ.പി.സി. സഭാ തിരഞ്ഞെടുപ്പ് രീതിയിൽ തനിക്ക് വളരെ ലജ്ജ തോന്നുന്നുവെന്നും മൂന്നുപ്രാവശ്യം സഭാ ജനറൽ ബോഡി വിളിച്ചുകൂട്ടി ഭരണഘടന ഭേദഗതി ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. കുമ്പനാട് മൈതാനത്ത് ഏപ്രിൽ മാസത്തിൽ നാല്പത് ദിവസത്തെ ഉപവാസവും പ്രാർത്ഥനയുമാണ് പാസ്റ്റർ ജേക്കബ് ജോൺ ആദ്യം ചെയ്യുന്നത്.

വടക്കേന്ത്യയിൽ ദീർഘവർഷങ്ങൾ സുവിശേഷവേലയിൽ വ്യാപൃതനായ ഈ അറുപത്തിരണ്ടുകാരൻ ഇവിടങ്ങളിലെ ശുശ്രൂഷകരുടെ കഷ്ടപ്പാടുകൾ നന്നായി അറിയാവുന്നയാൾ ആയതിനാൽ ഇദ്ദേഹത്തിന്റെ സ്ഥാനലബ്ദി ഇവിടങ്ങളിലെ വേലക്കാർ വിശേഷിച്ചും പ്രത്യാശയോടെയാണ് വീക്ഷിക്കുന്നത്.

### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*

### വരിസംഖ്യ

വരിസംഖ്യ നിരക്ക് ഒരു വർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |

പരിഷ്കരിച്ച മൂന്നാം പതിപ്പ്!

# വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*



കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, പ്രേംവാണി, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

**വിശ്വാസ സംവാദങ്ങൾ, ഡയലോഗ്സ് ഇൻ ഫെയ്ത്ത്** (ഇംഗ്ലീഷ്) എന്നീ പുസ്തകങ്ങളും ലഭ്യമാണ്.

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Faith Villa, 96/E, 2nd Floor, Ward No: 2, Mehrauli,
New Delhi-110 030

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി 1000ത്തിലധികം ഗാനങ്ങൾ

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

# പ്രത്യാശയോടെ ജീവിക്കാം



**ഇവാ. ജോൺ സാമുവൽ മണക്കാല**

ഏകദേശം നാല് പതിറ്റാണ്ടോളം ക്രിസ്തീയ ശുശ്രൂഷാരംഗത്ത് പിതാവിനോടൊപ്പം അത്യദ്ധ്വാനം ചെയ്ത സ്നേഹനിധിയായ അമ്മ അവസാന നാളുകളിൽ ശാരീരികമായി വളരെ ക്ഷീണിതയായിരുന്നു. വൈദ്യസഹായം ലഭിച്ചിരുന്നെങ്കിലും രോഗം അടിക്കടി വർദ്ധിക്കുകയും ആരോഗ്യനില പൂർവ്വാധികം വഷളാകുകയും ചെയ്തു. അനേക വർഷത്തെ ഡയബറ്റിക്സ് രോഗം ആന്തരികാവയവങ്ങളിൽ പലതിനെയും പ്രവർത്തന രഹിതമാക്കി. ശരീരം നീരുവച്ച് വീർത്തു. പരസാഹയം കൂടാതെ സ്വന്തകാര്യങ്ങൾ പോലും ചെയ്യാൻ പറ്റാത്ത അവസ്ഥയിൽ അവശത അതിതീവ്രമായി. അതിനിടയിലും വേദന കടിച്ചമർത്തി പുഞ്ചിരിക്കുന്ന മുഖത്തോടെ ഞങ്ങളോട് സംസാരിക്കുകയും പ്രത്യാശയുടെ ഗീതങ്ങൾ വിറയാർന്ന ശബ്ദത്തിൽ പാടിയും സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചും അന്യഭാഷയിൽ സംസാരിച്ചും ഓരോ നിമിഷവും തള്ളിനീക്കി.

ശാരീരിക നില തീരെ വഷളായപ്പോൾ ഒരു സ്വകാര്യ ആശുപത്രിയിൽ വീണ്ടും പ്രവേശിപ്പിച്ചു. പ്രത്യേക തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റിയെങ്കിലും അമ്മയ്ക്ക് നല്ല ബോധവും ഓർമ്മയും ഉണ്ടായിരുന്നു. അധികൃതരുടെ അനുവാദത്തോടെ അമ്മയുടെ കിടക്കയ്ക്ക് അരികിലേക്ക് അടുത്തുചെന്ന എന്നോട് അമ്മ അവസാനമായി പറഞ്ഞത് വിഷമിക്കരുത് പ്രത്യാശയോടെ ജീവിച്ചോണം എന്നുമാത്രമാണ്. തുടർന്ന് നിമിഷങ്ങൾക്കുള്ളിൽ കർത്തൃദാസന്മാരുടെയും സ്നേഹനിധികളായ ഭവനവാസികളുടെയും മറ്റ് പല ദൈവമക്കളുടെയും സാന്നിധ്യത്തിൽ ഒരിക്കലും വിസ്മരിക്കാനാകാത്ത ഒത്തിരി ഒത്തിരി സ്നേഹവാത്സല്യങ്ങളുടെ നറുമണം പരത്തുന്ന ഓർമ്മകൾ ഞങ്ങൾക്ക് നല്കിക്കൊണ്ട് അമ്മ രോഗ ദുഃഖങ്ങൾ ഇല്ലാത്ത നാട്ടിലേക്ക് യാത്രയായി.

അമ്മയുടെ മരണം നികത്താനാവാത്ത ഒരു വിടവ് തന്നെയാണ്. നിറസാന്നിധ്യമായിരുന്ന അമ്മ ഇല്ലാത്ത വീട് ഒരു ശൂന്യതാബോധം ഉണ്ടാക്കുന്നു. ദാരിദ്ര്യത്തിൽ തുടങ്ങിയ ഒരു ബാല്യകാലമായിരുന്നു അമ്മയുടേത്. പിതാവിനോട് ചേർന്ന് കഷ്ടതയുടെ നെരിപ്പോടിലൂടെയുള്ള ശുശ്രൂഷയുടെ പ്രാരംഭകാലം. രോഗാതുരമായ ശരീരം. പക്ഷെ, ഇതിന്റെയെല്ലാം നടുവിലും വിശ്വസ്തതയോടും വിശുദ്ധിയോടും കൂടെ അമ്മ ആത്മീയ ശുശ്രൂഷകളിൽ സജീവ പങ്കാളിത്വം വഹിച്ചിരുന്നു. സന്ദർശകരെ ഹൃദയം തുറന്ന് സല്ക്കരിക്കുന്നതിൽ എപ്പോഴും തയ്യാറായിരുന്ന അമ്മ രുചികരമായ ഭക്ഷണം തയ്യാറാക്കുകയും ഞങ്ങളെ സ്നേഹത്തോടെ ശകാരിക്കുകയും ഉപദേശിക്കുകയും ചെയ്യുമായിരുന്നു. അമ്മയെക്കുറിച്ചുള്ള മറക്കാനാവാത്ത ഓർമ്മകൾ കണ്ണുകൾ ഈറനണിയിക്കും, നെഞ്ചിൽ ഒരു പിടച്ചിൽ അറിഞ്ഞോ അറിയാതയോ ഉണ്ടാകും.

> **മരണാനന്തര ജീവിതത്തെക്കുറിച്ച് വ്യക്തമായ വെളിപ്പാടോ, അറിവോ നേടാൻ കഴിയാത്ത വ്യക്തികൾക്ക് വികലമായ അഭിപ്രായങ്ങളും വിശ്വാസങ്ങളുമാണ് ഉള്ളത്. പക്ഷെ, നമ്മുടെ വിശ്വാസത്തിനാധാരമായ വിശുദ്ധ ബൈബിൾ മാത്രമേ വ്യക്തവും ശക്തവും കൃത്യവുമായ ഉത്തരം മരണാനന്തര ജീവിതത്തെക്കുറിച്ച് നൽകുന്നുള്ളു**

ജനിച്ചാൽ ഒരിക്കൽ മരിക്കും, നിശ്ചയം. പക്ഷെ, എന്ന്? എപ്പോൾ? എങ്ങനെ? എവിടെ വച്ച് എന്നൊന്നും മുൻകൂട്ടി പറയുക അസാദ്ധ്യമാണ്. ക്രൈസ്തവ ഭവനങ്ങളിൽ പ്രഭാത പ്രാർത്ഥനാ സമയത്ത് ആലപിക്കുന്ന ഗീതങ്ങളിൽ ഒന്നിൽ കാണുന്ന

*"ക്രിസ്തന്റെ കാഹളം ഊതും ധ്വനി*

*കേൾക്കുമോ ഈ ദിനം ആരറിഞ്ഞു*

*വിശ്രമവാസത്തിലാകുമോ നാം*

*ഏതിനും ഒരുങ്ങുകെൻ ആത്മാവേ..."* എന്ന വരികൾ വളരെ ചിന്തനോദ്ധീപകവും ശ്രദ്ധേയവുമാണ്. കർത്താവിന്റെ വീണ്ടും വരവും നമ്മുടെ മരണവും നിശ്ചയമാണെങ്കിലും ഏതു നിമിഷമെന്ന് അറിയായ്കയാൽ സകല മനുഷ്യരും അതിനായി സദാസമയം ഒരുക്കമുള്ളവരായിരിക്കണം.

മനുഷ്യൻ തന്റെ പ്രാണനെ വിട്ടാൽ പിന്നെ അവൻ എ വിടെ? എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ മനുഷ്യൻ നൂറ്റാണ്ടുകളായി മതം, ശാസ്ത്രം, യുക്തി, ജ്ഞാനം തുടങ്ങി നിരവധി മാർഗ്ഗങ്ങളിലൂടെ പരിശ്രമിക്കുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ച് വ്യക്തമായ വെളിപ്പാടോ, അറിവോ നേടാൻ കഴിയാത്ത വ്യക്തികൾക്ക് വികലമായ അഭിപ്രായങ്ങളും വിശ്വാസങ്ങളുമാണ് ഉള്ളത്. പക്ഷെ, നമ്മുടെ വിശ്വാസത്തിനാധാരമായ വിശുദ്ധ ബൈബിൾ മാത്രമേ വ്യക്തവും ശക്തവും കൃത്യവുമായ ഉത്തരം മരണാനന്തര ജീവിതത്തെക്കുറിച്ച് നൽകുന്നുള്ളു.

മരണാനന്തര ജീവിതത്തെക്കുറിച്ച് യാതൊരുവിധ ചിന്തയുമില്ലാത്ത നിലിയിലാണ് ഇന്നിന്റെ മക്കളിൽ നല്ലൊരു ശതമാനവും ജീവിക്കുന്നത്. തിന്നുക, കുടിക്കുക, ആനന്ദിക്കുക, നാളെ ചാകുമല്ലോ എന്ന തത്വമാണ് പലരെയും നിയന്ത്രിക്കുന്നത്. അതുകൊണ്ടുതന്നെ പരമാവധി ലൗകീകതയിൽ മുഴുകുന്നു. എങ്ങനെയും പണമുണ്ടാക്കുക, ആർഭാടജീവിതം നയിക്കുക, ഉത്സവലഹരിയിൽ ഉല്ലസിച്ചു നടക്കുക, ലൈംഗീകതയുടെ പവിത്രയെ കാറ്റിൽ പറ

**(ശേഷം രണ്ടാം പേജിൽ)**

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com, Website: www.indianchristianmission.com

## വേദവിചാരം

# ക്രിസ്തീയ ധർമ്മശാസ്ത്ര ബോധനം



**പാസ്റ്റർ ബിജു ബഞ്ചമിൻ**

തത്വശാസ്ത്രങ്ങളും സദാചാര സംഹിതകളും കൊണ്ട് സമൃദ്ധമാണ് മാനവിക സംസ്കൃതി. എല്ലായിടത്തും എല്ലാകാലങ്ങളിലും എല്ലാമനുഷ്യരും അവരുടേതായ തത്വങ്ങളും, സദാചാര മര്യാദകളും വെച്ചുപുലർത്തിയിരുന്നു. കാലത്തിന്റെ വളർച്ചയിൽ എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ ധർമ്മശാസ്ത്ര തത്വങ്ങളായി അവ പരിണമിച്ചു. സദാചാര തത്വങ്ങളെ അഥവ മൂല്യങ്ങളെയാണ് ധർമ്മശാസ്ത്രമെന്ന് പൊതുവായി പറയുന്നത്. നീതിശാസ്ത്രമെന്നും അത് അറിയപ്പെടുന്നു. ഏതാണ് ശരി, ഏതാണ് തെറ്റ് എന്ന് ആരായുന്ന മനുഷ്യസ്വഭാവത്തിന് അടിസ്ഥാനപരമായ തത്വങ്ങളാണ് അവ. യവനായ ഭാഷയിൽ നിലവാരം, നിയമം, അളവുകോൽ എന്നൊക്കെ അർത്ഥം വരുന്ന പദത്തിൽ നിന്നാണ് Ethics എന്ന ആംഗലേയ പദം ഉളവായിരിക്കുന്നത്. ധർമ്മശാസ്ത്രത്തിന്റെ വ്യവസ്ഥാപിതമായ പഠനവും മനസിലാക്കലും ഇന്നിന്റെ ആവശ്യമാണ്.

ക്രൈസ്തവ ജീവിത പ്രയാണത്തിലും ധർമ്മശാസ്ത്ര ബോധത്തിന് വളരെ പ്രസക്തിയുണ്ട്. എല്ലാ മനുഷ്യരും എല്ലാ ദിവസവും സദാചാരപരവും ധാർമ്മികമായ തീരുമാനങ്ങൾ എടുക്കുന്നവരാണ്. തങ്ങളുടെ ദൈനംദിന പ്രശ്നങ്ങളിൽ തീരുമാനം എടുക്കുവാൻ അവൻ പരിശ്രമിക്കുന്നു. യേശുകർത്താവിന്റെ പഠിപ്പിക്കലുകൾ വേദശാസ്ത്രപരവും ഒപ്പം ധാർമ്മിക ബോധനപരവുമായിരുന്നു. പഴയനിയമവും പുതിയ നിയമവും വ്യക്തമായ ധാർമ്മശാസ്ത്ര മൂല്യങ്ങൾക്ക് അടിത്തറയിടുന്നു. അവയെ മനസ്സിലാക്കുകയും പാലിക്കുകയും ചെയ്യുമ്പോൾ വ്യക്തിപരമായ ആത്മിക വളർച്ചയും ആത്മിക പുരോഗതിയുടെ അളവു നിർണ്ണയിക്കുന്നതും സാധ്യമാക്കുന്നു. യേശുവിന്റെ ജീവിതവും അവന്റെ വാക്കുകളും ജീവിത ശൈലിയും ക്രിസ്തീയ ധർമ്മശാസ്ത്രത്തിന്റെ അളവുകോലാണ്. ഇതിനോടൊപ്പം പഴയതും പുതിയതുമായ നിയമങ്ങളിലെ വചനങ്ങളും ക്രൈസ്തവ ധർമ്മശാസ്ത്ര തത്വങ്ങളുടെ അടിസ്ഥാനമായി നിലനിൽക്കുന്നു.

എന്താണ് മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ നന്മ? മനുഷ്യ ജീവിതത്തിന്റെ ഉദ്ദേശ്യമെന്താണ്? ഈ ലോകത്തിൽ മനുഷ്യജീവിതം എന്തിനു വേണ്ടിയാണ്? എല്ലാ മതങ്ങളും തത്വശാസ്ത്രങ്ങളും ധർമ്മശാസ്ത്രങ്ങളും ഈ ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. ഹീഡണിസം (Hedonism) പറയുന്നത് ലോകത്തിലെ ഏറ്റവും വലിയ നന്മ സുഖവും, ഉന്മാദവും ആണ്. സ്വർത്ഥത നിറഞ്ഞ ഒരു ചിന്താഗതിയാണ് അത് ഉളവാക്കുന്നത്. സ്റ്റോയിക്യരുടെ (Stoicism) അഭിപ്രായത്തിൽ ആത്മപരിത്യാഗമാണ് ഏറ്റവും വലിയ നന്മ. കർത്തവ്യ ധാർമ്മികത (The Ethic of duty) മനുഷ്യന്റെ പ്രവൃത്തിക്ക് പ്രാധാന്യം നൽകുന്നു. സ്നേഹത്തിന്റെ ധാർമ്മികതയും (The Ethic of love) ശക്തിയുടെ ധാർമ്മികതയും (The Ethic of power) വ്യത്യസ്തമായ ആശയങ്ങൾ ധർമ്മശാസ്ത്ര അടിസ്ഥാനങ്ങളായി വിലയിരിത്തിയിരിക്കുന്നു.

മനുഷ്യജീവിതത്തിന്റെ ലക്ഷ്യം, ഉദ്ദേശ്യം, ഉത്തരവാദിത്വം എന്നിവയെക്കുറിച്ച് വേദപുസ്തകം വ്യക്തമായി പ്രതിപാദിക്കുന്നു. ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും വലിയ നന്മ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നതാണ് (മത്തായി 6:33). ദൈവത്തിന്റെ ഹിതം മനസ്സിലാക്കിക്കഴിയുമ്പോൾ അതിനു അനുസരണയുള്ളവരായി മനുഷ്യൻ മാറണം. വിശ്വാസത്താലാണ് ഇത് സാദ്ധ്യാമാകുന്നത് ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും ദൈവത്തിൽ നിന്ന് വിട്ടുപിരിയാത്ത ഒരു ബന്ധം ഉണ്ടായിരിക്കേണം. പരമാർത്ഥ ഹൃദയത്തോടെ ദൈവത്തിന്റെ അടുക്കൽ ചെല്ലുകയും പ്രത്യാശയുടെ സ്വീകാര്യം മുറുകെ പിടിക്കുകയും ചെയ്യേണം. ദൈവത്തിന്റെ മുൻപിലും, മനുഷ്യന്റെ മുൻപിലും സത്യസന്ധതയും നിർവ്യാജമായ മനോഭാവവും ഉള്ളവരായിരിക്കേണം എന്ന് വചനം പഠിപ്പിക്കുന്നു (എഫെസ്യർ 4:15; 1പത്രൊസ് 2:12). കപടഭക്തി വെടിഞ്ഞു ആത്മാർത്ഥതയുള്ളവരായി നാം വർദ്ധിക്കേണം. ആത്മാർത്ഥമായ താഴ്മ, ക്ഷമിക്കുന്ന ഹൃദയം, ദൈവത്തോടുള്ള വിട്ടുമാറാത്ത സ്നേഹം എന്നിവ ക്രിസ്തീയ സ്വഭാവത്തിന്റെ അടിസ്ഥാന ശിലകളായി ദൈവവചനം എടുത്തുകാട്ടുന്നു. ആത്മത്യാഗം, ശിഷ്യത്വത്തിനായുള്ള സമർപ്പണം, ലോകത്തിന്റെ അശുദ്ധിയിൽ നിന്നുള്ള വേർപാട് എന്നിവ അനിവാര്യ ഘടകങ്ങളാണ്. വിശ്വസ്തത, ദൈവവചനം, ദൈവഹിതം അനുസരിക്കുക എന്നിവയും സുപ്രധാനങ്ങളാണ്.

ഇന്നത്തെ ക്രൈസ്തവ ചിന്താഗതികളിലും സ്വഭാവങ്ങളിലും ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്തതും ലൗകികവുമായ ധർമ്മശാസ്ത്ര തത്വങ്ങൾ നുഴഞ്ഞുകയറിയിരിക്കുന്നു. സ്വാർത്ഥതയും കപടഭക്തിയുംഅതിന്റെ അനന്തരഫലങ്ങളായി സഭയുടെ സ്വഭാവത്തെ മലിമസമാക്കുന്നു. ദൈവവചനത്തിൽ അടിസ്ഥാനമായ ക്രൈസ്തവ ധർമ്മശാസ്ത്ര ചിന്താഗതികളിലേക്ക് സഭ മടങ്ങിപ്പോകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ക്രിസ്ത്യാനിത്വത്തിന്റെ പരമവും പാവനവുമായ അന്തസത്ത ഇല്ലാതെയാകുന്ന ചിന്താധാരകൾ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. നമ്മുടെ പ്രസംഗങ്ങളിൽ ഉണർവ്വു ആളികത്തുന്നതിനോടൊപ്പം ധർമ്മ ശാസ്ത്ര ബോധനം നിർവിഘ്നം സംഭവിക്കുവാൻ നാം ഒത്തൊരുമിച്ചു പരിശ്രമിക്കേണ്ടിയിരിക്കുന്നു.

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*